പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിലെ ക്രമക്കേടുകൾ

*11 [10] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവീസ് കമ്മീഷൻ നടത്തി വരുന്ന പരീക്ഷകളിൽ അടുത്ത കാലത്തായി വ്യാപകമായ ക്രമക്കേടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ക്രമക്കേടുകൾ മേലിൽ ഉണ്ടാകാതിരിക്കുവാൻ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ, ബി) കൊല്ലം ജില്ലയിൽ 16-8-2003-ൽ പി. എസ്. സി. നടത്തിയ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള പരാതി പോലീസിലെ ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ അന്വേഷണത്തിലാണ്. മറ്റു ചില ജില്ലകളിലും, മറ്റു തസ്തികകളിലേക്കും നടത്തിയ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ചോർന്നതായ പത്ര റിപ്പോർട്ടുകളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിശോധിച്ച് പി. എസ്. സി. യുമായി ആലോചിച്ച് അനുയോജ്യ നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം പരാതികൾക്ക് ഇട നൽകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുമുണ്ട്.

മാറാട് സംഭവത്തെക്കുറിച്ച് അന്വേഷണം

*12 [11] ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കൂട്ടക്കൊല സംബന്ധിച്ച് സി. ബി. ഐ. അന്വേഷണത്തിനു ശുപാർശ ചെയ്യാൻ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ അത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് നിയമോപദേശം തേടിയിരുന്നുവോ;

(സി) എങ്കിൽ എന്തു നിയമോപദേശമാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly